Mr. K. M. Ibrahim.—Does the Government mean to say that until the survey is over, in similar matters the Council will be kept completely in the dark?

Mr. U. Kandar Menon.—I am speaking with regard to this matter alone.

Mr. K. M. Ibrahim.—Why not you include this particular matter in your general policy? In matters referring to the economical state of this country this House is being kept in the dark until the survey is over.

Mr. U. Kandar Menon.—The Council is not kept in the dark. We have to decide the suggestions for improvements and we want to know the local conditions of agriculture.

Mr. K. M. Ibrahim.—May I know the number of times the economic survey is made an excuse here?

President.—That question does not arise.

Alleged ill-treatment of a Depressed Class man by the Police.

566. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) 'മുളവുകാട്' പുലയ സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ഉത്സവത്തിന് സമാധാന പരിപാലനത്തിനു വേണ്ടി വന്ന പോലീസിൽ ഒരാൾ സാധുവായ ഒരു അധഃകൃതനെ മനഃപൂർവ്വം ദേഹോപദ്രവം ചെയ്ത വിവരം ഗവർമ്മെണ്ടറിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു ഗവർമ്മെണ്ടിനെ അറിയിച്ചതാര്; ഗവർമ്മെണ്ടു് ചെയ്ത മറുപടിയെന്തു്?

(ബി.) മേൽപറഞ്ഞ പോലീസുദ്യോഗസ്ഥൻ വേറെ വല്ല കൃത്യതികേടും ഉണ്ടാക്കീട്ടുള്ളതായി ഗവർമ്മെണ്ടിനറിയാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(എ) മുളവുകാട് ദേശത്ത് പുലയൻ ശീതങ്കൻ തന്നെ ടി ദേശത്തു പുലയരുടെ വക സുബ്രഹ്മണ്യക്ഷേത്രത്തിലെ ഉത്സവം സംബന്ധിച്ച് സമാധാനരക്ഷക്കു വന്നിരുന്ന ഫസ്റ്റ്-ാംനമ്പ്ര കാൺസ്റ്റബിളം ദേഹോപദ്രവം ഏല്പിച്ചു എന്ന ഒരു ഹർജി ബോധിപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിൽ ടി ഹർജി സംഗതി വാസ്തവമല്ലെന്നും ശീതങ്കനെ ആരും മനഃപൂർവ്വം ദേഹോപദ്രവം ഏല്പിക്കയുണ്ടായില്ലെന്നും അറിവായി. ഉത്സവദിവസം പുലയമഹാജനസഭയുടെ ആഭിമുഖ്യത്തിൽ "ആധുനികധൂർത്തപുത്രൻ" എന്ന ഒരു നാടകം നടത്തി. പുലയമഹാജനസഭയിൽ നിന്നു തെറ്റിനില്ക്കുന്നവരായ ചില പുലയർ ഈ നാടകം അഭിനയിക്കുവാൻ പാടില്ലെന്ന പക്ഷക്കാരായിരുന്നു. അതു തടയുന്നതിനു് അവർ ചെയ്ത ശ്രമങ്ങൾ ഫലിക്കയുമുണ്ടായില്ല. നാടകം നടത്തുന്ന സമയം മേൽപറഞ്ഞ വിരോധകക്ഷിയിൽ പെട്ട ശീതങ്കനും മറ്റു ചിലരും stage മറച്ചിരുന്ന വെറ്റ പൊളിച്ചു stage ലേക്കു് നോക്കി നിന്നു. നാടകം നടത്തുന്നവർ അതു് തടയണമെന്നു് സമാധാനരക്ഷക്കു് പോയിരുന്ന കാൺസ്റ്റബിളോടു

LIBRARY ARCHIVES Kerala Legislative Assembly

പറകയും ടിയാൻ ചെററ ചൊളിച്ചു നോക്കിനിന്നവരോടു് stage ന്റെറ മുൻവശം ചെന്നുനിന്നു നാടകം കാണുവാൻ പറകയും ശീതങ്കൻ ഒഴിച്ചു ബാക്കിയുള്ളവർ അതു അനുസരിക്കുകയും കക്ഷിവഴക്കുള്ള സ്ഥിതിക്കു് സമാധാനലംഘനം ഉണ്ടാകുവാൻ ഇടയുണ്ടെന്നു കരുതി കാൺസ്റ്റബിൾ ശീതങ്കനെ പിടിച്ചു മാറുകയും ചെയ്തു. അതല്ലാതെ ദേഹോപദ്രവം ഏല്പിക്കുകയുണ്ടായിട്ടില്ല.

(ബി) ചോദ്യം വ്യക്തമല്ലാ.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹർജിയെ സംബന്ധിച്ചു് ഗവമ്മെൻറു് ആരോടെല്ലാമാണു് അന്വേഷിച്ചറിഞ്ഞതു്?

Mr. P. Nilakanta Menon.—I want notice.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അന്വേഷണം നടത്തിയതു് ആരാണു്?

Mr. P. Nilakanta Menon.—Inspector.

മിസ്റ്റർ എം. കെ. രാമൻ.—അദ്ദേഹത്തിന്റെ അന്വേഷണത്തിൽ ടി ഹർജി സംഗതി വാസ്തവമല്ലെന്നും ശീതങ്കനെ ആരും മനഃപൂർവ്വം ദേഹോപദ്രവം ഏല്പിയ്ക്കയുണ്ടായില്ലെന്നും അറിവായി, എന്നു പറഞ്ഞിരിക്കുന്നു. മനഃപൂർവ്വമായിട്ടല്ലാതെ യാദൃശ്ചികമായിട്ടുണ്ടായതാണോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— അതിൽ പിന്നീടു പറഞ്ഞിട്ടുള്ള ഭാഗം കൂടി വായിച്ചാൽ അറിയാം. ദേഹോപദ്രവമൊന്നും ഏല്പിയ്ക്കയുണ്ടായില്ല. ആളെ പിടിച്ചു മാറി അത്രയുള്ളു.

മിസ്റ്റർ എം. കെ. രാമൻ.— പിടിച്ചു മാറുകയല്ലാതെ ദേഹോപദ്രവമൊന്നും ചെയ്തിട്ടില്ലേ? ദേഹോപദ്രവം തട്ടത്തക്ക മാതിരിയിൽ ഒന്നുംതന്നെ അവിടെ നടന്നിട്ടില്ലേ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—നടന്നിട്ടില്ല.

മിസ്റ്റർ എം. കെ. രാമൻ.—ഒരാളെ ഉപദ്രവിയ്ക്കുന്നതു് മനഃപൂർവ്വമല്ലെങ്കിൽ പിന്നെ മറെറന്തായിരിക്കും?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അവിടെ ഉണ്ടായതു് ആളെ പിടിച്ചു മാറ്റി നിറുത്തി എന്നുമാത്രമേയുള്ളു.

മിസ്റ്റർ എം. കെ. രാമൻ.—അല്ലാതെ ഒന്നും നടന്നിട്ടില്ലേ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇല്ല.

Loan advanced to the Mulavukad Pulaya Co-operative Society.

567. Mr. P. Raman Menon.—Will the Government be pleased to state.—

(a) what amount has been advanced by the Government as loan to the Mulavukad Pulaya Co-operative Society and in what year;

LIBRARY ARCHIVES Kerala Legislative Assembly